# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4413 27.06.2013 ൽ മറുപടിക്ക്

## ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) | |
| (എ) | വിപണിയിൽ ഭക്ഷ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിൽ സർക്കാരിന് നിയന്ത്രണം നഷ്ടപ്പെട്ടു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ശരിയായ അളവിൽ ഉപഭോക്താക്കൾക്ക് ലഭിക്കാത്തത് വിലക്കയറ്റത്തിന് കാരണമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) | കേന്ദ്രസർക്കാരിൽ നിന്നും അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ശരിയായ അളവിൽ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനായി ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തിവരുന്നു. |
| (സി) | പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയുന്നതിനും ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനമില്ലായ്മ ഒരു കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (സി) | പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും കരഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയുന്നതിനുമായി സിവിൽ സപ്ലൈസ് വകുപ്പ് തനിച്ചും പോലീസ്, റവന്യൂ, ലീഗൽ മെട്രോളജി, ആരോഗ്യം എന്നീ വകുപ്പുകളുമായി ചേർന്നും കർശന പരിശോധനകളും റെയ്ഡും നടത്തുന്നുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഇത് തടയുന്നതിന് വിവരസാങ്കേതികവിദ്യ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ് എന്നിവ തടയുന്നതിനുമായി ' end to end computerization' പദ്ധതിയിലൂടെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Beena

സെക്ഷൻ ഓഫീസർ